Malayala Manorama
24 August 2018
Foregin Aid

അടുത്ത മാസപൂജയ്ക്ക് പമ്പ ണമെന്നാണ ആഗ്രഹിക്കുന്നത. യതായും അദ്ദേഹം പറഞ്ഞു.

വിദേശ സഹായം: നിലപാട് മാറ്റേണ്ടതാണെന്ന് കണ്ണന്താനം; മുൻ നയതന്ത്രജ്ഞരും രംഗത്ത്

യുഎഇ കേരളത്തിന് സഹായധനം വാഗ്ദാനം ചെയ്തിട്ടില്ലെന്ന വാദവും സജീവമാണ്

മനോരമ ലേഖകൻ

ന്യൂഡൽഹി ● ദുരിതാശ്വാസത്തിന് വിദേശ സഹായം സ്വീകരിക്കില്ലെന്ന നയം രാജ്യതാൽപര്യം കണക്കിലെടുത്തു മാറ്റേണ്ടതാണെന്ന് കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനം. ഇക്കാര്യം താൻ സർക്കാരിലെ മുതിർന്ന മന്ത്രിമാരുമായി ചർച്ച ചെയ്തെന്നും കണ്ണന്താനം പറഞ്ഞു. എന്നാൽ, വിദേശ സഹായം സ്വീകരിക്കില്ലെന്ന നിലപാടിൽ സർക്കാർ ഉറച്ചുനിൽക്കുകയാണെന്ന് വിദേശകാര്യ മന്ത്രാലയ വ്യത്തങ്ങൾ പറഞ്ഞു.

ഇതിനിടെ, യുഎഇ കേരളത്തിന് സഹായധനം വാഗ്ദാനം ചെയ്തിട്ടില്ലെന്ന വാദവും സജീവമാണ്. യുഎഇ നയതന്ത്രവൃത്തങ്ങൾതന്നെ ഇപ്പോൾ ഈ വാദം മുന്നോട്ടുവയ്ക്കുന്നുണ്ടെന്നാണ് സൂചന. കേന്ദ്ര സർക്കാരിന്റെ സമ്മർദ്ദഫലമായാണ് ഇതെന്നും ആരോപണമുയർന്നിട്ടുണ്ട്. ഒപ്പം, യുഎഇ ഭരണാധികാരിക്കു നന്ദി പറഞ്ഞുള്ള ട്വിറ്റർ സന്ദേശത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിതന്നെ സഹായവാഗ്ദാനം സൂചിപ്പിച്ചതാണെന്നും സർക്കാർവൃത്തങ്ങൾതന്നെ പറയുന്നുമുണ്ട്.

സഹായം വാഗ്ദാനം ചെയ്തിരുന്നുവെന്നാണ് വിദേശകാര്യ മന്ത്രാലയ വ്യത്തങ്ങൾ വ്യക്തമാക്കുന്നത്. വാഗ്ദാനം വന്നതുകൊണ്ടാണ്, സഹായം സ്വീകരിക്കുന്നതു നയമല്ലെന്നു കഴിഞ്ഞദിവസം വിദേശകാര്യ മന്ത്രാലയ വക്താവ് രവീഷ് കുമാർ ഔദ്യോഗികമായി വ്യക്തമാക്കിയതെന്നും മന്ത്രാലയ വൃത്തങ്ങൾ പറഞ്ഞു.

ഇതിനിടെ, ദുരന്തങ്ങളുണ്ടാകുമ്പോൾ വിദേശത്തുനിന്നു സഹായം സ്വീകരിക്കില്ലെന്നതു യുപിഎ സർക്കാരിന്റെ നയമായിരുന്നുവെന്ന നിലപാട് തള്ളിക്കളഞ്ഞ് മുൻ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശിവശങ്കർ മേനോനും മറ്റും രംഗത്തെത്തി. ദുരിതാശ്വാസത്തിനു വിദേശ പങ്കാളിത്തം വേണ്ടെന്നും ദീർഘകാല പുനരധിവാസ നടപടികൾക്കു സഹായം സ്വീകരിക്കാമെന്നുമായിരുന്നു 2004ലെ തീരുമാനമെന്നാണ് തന്റെ ഓർമയെന്ന് ശിവശങ്കർ മേനോൻ ട്വീറ്റ് ചെയ്തു. വീടുകളും പാലങ്ങളും പണിയാനും മറ്റും ഇത്തരത്തിൽ സഹായം ഉപയോഗിക്കാവുന്നതാണെന്നും കേരളത്തിന് ഇതു വഴിതുറക്കില്ലേയെന്നും അദ്ദേഹം ചോദിച്ചു.

രാജ്യമെന്ന നിലയ്ക്ക്, വാങ്ങുന്നതിനേക്കാൾ, കൊടുക്കാൻ നമുക്കു സാധിക്കുമെങ്കിലും ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യക്കാരിൽ 80 ശതമാനവും മലയാളികളാണെന്ന സ്ഥിതിക്ക് സഹായ വാഗ്ദാനത്തെ കരുതലോടെ പരിഗണിക്കേണ്ടതാണെന്നും മുൻ വിദേശകാര്യ സെക്രട്ടറി നിരുപമ റാവു ട്വിറ്ററിൽ പറഞ്ഞു. വേണ്ടെന്നു പറയാൻ എളുപ്പമാണ്. എന്നാൽ, കേരളത്തിലെ പ്രതിസന്ധിയിൽ അത് എളുപ്പമല്ല – നിരുപമ വ്യക്തമാക്കി.

ശിവശങ്കർ മേനോൻ പറഞ്ഞതു ശരിയാണെന്നും ദുരിതാശ്വാസത്തിനു വേണ്ട, പുനരധിവാസത്തിന് വിദേശ പിന്തുണയാവാമെന്നായിരുന്നു നിലപാടെന്ന് മുൻ പ്രധാനമന്ത്രി മൻമോഹൻ സിങ്ങിന്റെ മാധ്യമ ഉപദേഷ്ടാവായിരുന്ന സഞ്ജയ ബാരു ട്വിറ്ററിൽ പറഞ്ഞു. സാധാരണ സഹായത്തെയും ദുരിതസമയത്തുള്ള സഹായത്തെയും വേർതിരിച്ചു കാണണം.

കേരളവും ഗൾഫുമായുള്ള ബന്ധം സവിശേഷമാണെന്നും ബാരു അഭിപ്രായപ്പെട്ടു. നയം തിരുത്തണമെന്ന ആവശ്യപ്പെട്ട കണ്ണന്താനം, യുപിഎ സർക്കാരിന്റെ നയം പിൻപറ്റിയാണ് വിദേശ സഹായം വേണ്ടെന്ന നിലപാടെന്നും ന്യായീകരിച്ചു.

പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് യുഎഇ ഉൾപ്പടെയുള്ള രാജ്യങ്ങളുടെ സഹായം സ്വീകരിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന് സ്വന്തം നയം പിന്തുടരാൻ അധികാരമുണ്ടെന്ന് മുൻ പ്രധാനമന്ത്രി മൻമോഹൻ സിങ്ങിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ടി.കെ.എ.നായർ പറഞ്ഞു.

ഭരണഘടനാപരമോ നിയപരമോ ആയ തടസങ്ങളില്ല. അന്തിമ തീരുമാനം കേന്ദ്രസർക്കാരിന്റേതു തന്നെയാണ്.

എന്നാൽ യുഎഇ സർക്കാരിനു കീഴിലുള്ള ഫണ്ടിങ് ഏജൻസികളിലൂടെ കേരളത്തിലെ ചില പദ്ധതികളിൽ നിക്ഷേപം നടത്തുന്നത് സംബന്ധിച്ചുള്ള സാധ്യതകൾ സംസ്ഥാന സർക്കാരിന് ആരായാം.

ഇതിനു കേന്ദ്രസർക്കാരിന്റെ നയം തടസമാകില്ലെന്നും അദ്ദേഹം പറഞ്ഞു.